ഉണ്ടായിരുന്ന വില്പന എത്ര കോടി രൂപയുടെതായിരുന്നു ;

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ നടത്തിയ വില്പനയിലൂടെ സർക്കാരിനു ലഭിച്ച വരുമാനം എത്ര കോടി രൂപയാണ് ; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ചിരുന്ന വരുമാനം എത്രയായിരുന്നു ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 338 വിദേശമദ്യ ഷോപ്പുകൾ ഉണ്ടായിരുന്നു. അവയിൽ 2014-15-ലെ വിദേശ മദ്യനയ പ്രകാരം 34 ഷോപ്പുകൾ 2014 ഒക്ടോബർ 2-ന് അടച്ചുപൂട്ടി.

(ബി) (i) പൊതുജനങ്ങളുടെ എതിർപ്പുകൾ, കോടതി ഉത്തരവ്, സാംസ്കാരിക സംഘടനകളുടെ എതിർപ്പുകൾ എന്നിവ നിലവിലുണ്ടായിരുന്ന ഷോപ്പുകൾ.

(ii) ശരാശരി വില്പന 'ബ്രേക്കീവനേ' വില്പനയിൽ താഴെയുള്ളത്.

(iii) ഷോപ്പ് പ്രവർത്തിച്ചുവന്ന കെട്ടിടത്തിന്റെ വാടക സംബന്ധിച്ച പ്രശ്നങ്ങൾ, ഉടമസ്ഥന്റെ ആവശ്യം എന്നിവ നിലനിന്നിരുന്ന ഷോപ്പുകൾ.

(iv) നിലവിൽ പ്രവർത്തിക്കുന്ന രണ്ട് ഷോപ്പുകൾ തമ്മിലുള്ള അകലം.

(v) വിവിധ കാരണങ്ങളാൽ ഈ കാലയളവിൽ അടച്ചുപോയ 7 ഷോപ്പുകൾ.

(vi) ഹൈവേ/സർവ്വീസ് റോഡുകൾ എന്നിവയുടെ അരികിലുണ്ടായിരുന്ന ഷോപ്പുകൾ.

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യ വില്പനയും മുൻവർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവില്പനയും നടത്തുകയുണ്ടായി.

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4648.41 കോടി രൂപയും മുൻ വർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4386.16 കോടി രൂപയുടെയും വരുമാനം സർക്കാരിന് ലഭിച്ചു.

ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ്

108 (109) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവ് ഈ സർക്കാറിന്റെ കാലത്ത് ഓരോ വർഷവും എത്ര വീതമായിരുന്നു ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർഷം നാന്നൂറിൽപ്പരം ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്നതിനുശേഷം, മുൻവർഷത്തെ അപേക്ഷിച്ച് വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ;

(സി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ ഇതേവരെയുള്ള വിറ്റുവരവ് എത്ര ; ഇതേ കാലയളവിൽ മുൻവർഷത്തെ വിറ്റ് വരവ് എത്രയായിരുന്നു ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷം ഇന്നേവരെയുള്ള വില്പനയുടെ ഭാഗമായി സർക്കാർ ഖജനാവിലേക്ക് ലഭിച്ച ഇക എത്ര; മുൻവർഷം ഇതേ കാലയളവിൽ അത് എത്രയായിരുന്നു. വിശദമാക്കാമോ;

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷൻവഴി ഈ സർക്കാരിന്റെ കാലത്തെ ഓരോ വർഷത്തേയും മദ്യത്തിന്റെ വിറ്റുവരവ് കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	മൊത്തം മദ്യവില്പന (ഇക-കോടിയിൽ)
2011-12	7861.74
2012-13	8818.18
2013-14	9350.18
2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ	5731.47

(ബി) ബാറുകൾക്ക് ലൈസൻസ് നൽകാതിരുന്ന 2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള വിറ്റുവരവിൽ, മദ്യത്തിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ കുറവുണ്ടായിട്ടില്ല. എന്നാൽ അളവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും ബിയറിന്റെയും വില്പനയിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ബിവറേജസ് കോർപ്പറേഷന്റെ ഈ വർഷത്തെ (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റുവരവ് 5731.47 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷത്തെ (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) വിറ്റുവരവ് 5378.38 കോടി രൂപയും ആണ്.

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) മദ്യവില്പനയുടെ ഭാഗമായി സർക്കാർ ഖജനാവിലേക്ക് 4648.41 കോടി രൂപയും ഇതേ കാലയളവിൽ കഴിഞ്ഞ വർഷം (2013 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 4386.16 കോടി രൂപയും സർക്കാർ ഖജനാവിലേക്ക് ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly